ഭരണഭാഷ-മാതൃഭാഷ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - വികസന ഫണ്ട് - (പൊതു വിഭാഗം) - കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് - 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.5711/2025/ധന തീയതി, തിരുവനന്തപുരം, 06-07-2025

---

പരാമർശം : 1. കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30/03/2025 തീയതിയിലെ 400969/DPTP01/GPO/2025/1180(1) നമ്പർ കത്ത്.

2. കുരാച്ചുണ്ട് സബ്ട്രഷറി ഓഫീസറുടെ 12/02/2025 തീയതിയിലെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് 2022-2023 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ " വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം" (പ്രോജക്ട് നമ്പർ-173) എന്ന പദ്ധതിയുടെ ഭാഗമായി 5 ഗുണഭോക്താക്കൾക്ക് നൽകാനുണ്ടായിരുന്ന തുകയിൽ ഒരു ഗുണഭോക്താവ് ഇപ്പോൾ സംരംഭം തുടർന്നുകൊണ്ടുപോകാത്തതിനാൽ സബ്-സിഡി തുക ടിയാൾക്ക് അനുവദിക്കാൻ സാധിക്കില്ലെന്നറിയിച്ചിട്ടുള്ളതും ബാക്കിയുള്ള 4 ഗുണഭോക്താക്കൾക്ക് നൽകേണ്ടിയിരുന്നതും, ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ അപാകത മൂലം സർക്കാരിലേക്ക് തിരിച്ചെടുത്ത തുകയായ ₹1,25,000/- യിൽ ഒരാൾക്ക് ₹ 25000/- എന്ന നിരക്കിൽ ₹1,00,000/- (ഒരു ലക്ഷം രൂപ) പുനരനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം സർക്കാരിന് കത്ത് ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2) പ്രകാരം ക്കുരാച്ചുണ്ട് സബ് ട്രഷറി ഓഫീസർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിന്റെയും, പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും " വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം" (പ്രോജക്ട് നമ്പർ-173) എന്ന പദ്ധതിയുടെ ഭാഗമായി 4 ഗുണഭോക്താക്കൾക്ക് നൽകേണ്ടതും എന്നാൽ ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേയ്ക്ക് തിരികെ പോയതുമായ ₹1,00,000/- (ഒരു ലക്ഷം രൂപ മാത്രം) 2025-26 ലെ പൊതു വിഭാഗം വികസന ഫണ്ടിന്റെ '3604-00-200-81-05-35-00-NV ' എന്ന ശീർഷകത്തിൽ നിന്നും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് (G110707) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അടിയന്തരമായി കൈമാറേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ് /സെക്രട്ടറി, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3126131)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ